ഉത്തരം

(എ) ഇല്ല.

(ബി) കരാർ കൊടുക്കുന്ന തീയതി മുതൽ 36 മാസത്തിനുള്ളിൽ ചെങ്കുളം ആഗ്മെന്റേഷൻ പദ്ധതിയും 48 മാസത്തിനുള്ളിൽ പള്ളിവാസൽ എക്സ്റ്റൻഷൻ പദ്ധതിയും തീർക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. പള്ളിവാസൽ എക്സ്റ്റൻഷൻ പദ്ധതിക്കുവേണ്ടി ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

ബേപ്പൂർ നിയോജകമണ്ഡലത്തിൽ പരുത്തിപ്പാറ 110 കെ. വി. സബ് സ്റ്റേഷൻ സ്ഥാപിക്കുന്ന നടപടി

41 [1129] ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബേപ്പൂർ നിയോജകമണ്ഡലത്തിലെ പരുത്തിപ്പാറ 110 കെ. വി. സബ് സ്റ്റേഷൻ സ്ഥാപിക്കുന്നത് സംബന്ധിച്ച ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതി സംബന്ധിച്ച് എന്തെങ്കിലും തീരുമാനങ്ങൾ എടുത്തിട്ടുണ്ടോ ;

(സി) ഈ പദ്ധതി നടപ്പിലാക്കാൻ സമയബന്ധിതമായി നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) നിർബന്ധിത പൊന്നുംവില നൽകിയുള്ള സ്ഥലമെടുപ്പ് നടപടികൾ ചില തദ്ദേശവാസികളുടെ എതിർപ്പ് കാരണം പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല.

(ബി) ഇല്ല.

(സി) സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് സബ് സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാവുന്നതാണ്.

കുന്ദമംഗലം ഒഴിയാടി പ്രദേശത്തെ വോൾട്ടേജ് ക്ഷാമം

42 [1130] ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്ദമംഗലം ഒഴിയാടി പ്രദേശത്തെ രൂക്ഷമായ വോൾട്ടേജ് ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുമൂലം ഇവിടത്തെ ജനങ്ങൾക്ക് രാത്രികാലങ്ങളിൽ ഉണ്ടാകുന്ന ബുദ്ധിമുട്ട് ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ ;

(ഡി) ഇല്ലെങ്കിൽ ഇതിന് ശാശ്വതമായ പരിഹാരനടപടികൾ അടിയന്തിരമായി കൈക്കൊള്ളുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി. സി. ആന്റ് ഡി) വോൾട്ടേജ് ക്ഷാമം പരിഗണിച്ച് 11 കെ. വി. ലൈൻ വലിച്ച് 100 കെ.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള ഒരു വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതി 8-1-2002-ൽ അനുവദിക്കുകയും പണി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

കുന്ദമംഗലം സെക്ഷനിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഒഴിവ്

43 [1131] ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്ദമംഗലം നിയോജകമണ്ഡലത്തിലെ കെ.എസ്.ഇ.ബി. കുന്ദമംഗലം സെക്ഷനിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തിക ഒഴിവുള്ളതുമൂലം ഓഫീസ് ജോലി നിർവ്വഹണത്തിൽ ഉണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ഒഴിവ് നികത്താത്തതിനുള്ള കാരണം വ്യക്തമാക്കാമോ ;

(സി) ഈ ഒഴിവ് എന്നത്തേക്ക് നികത്താനാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മുക്കം സെക്ഷനിലെ അസിസ്റ്റന്റ് എഞ്ചിനീയർ കുന്ദമംഗലം സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ചാർജ്ജ് വഹിച്ചു വരുന്നതിനാൽ കാര്യമായ ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി ആന്റ് സി) അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ നിന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലേക്ക് പ്രൊമോഷൻ നടത്തുമ്പോൾ പ്രസ്തുത ഒഴിവ് നികത്താനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

പള്ളിക്കരയിൽ വൈദ്യുതി സെക്ഷൻ ഓഫീസ് അനുവദിക്കൽ

44 [1132] ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ വൈദ്യുതി സെക്ഷൻ ഓഫീസുകൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ കാസർകോഡ് ജില്ലയിലെ പള്ളിക്കരയിൽ ഓഫീസ് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) പള്ളിക്കരയിൽ വൈദ്യുതി സെക്ഷൻ ഓഫീസ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് സ്ഥലം എം.എൽ.എ. നൽകിയ നിവേദനത്തിൻമേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly